കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാട്ടൂൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ
e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.2/1360/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്,കണ്ണൂർ,
Phone: 0497 2707698
e-mail: doknr.ksad@kerala.gov.in,

തീയതി :10.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

മാട്ടൂൽ ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- മാട്ടൂൽ ഗ്രാമപഞ്ചായത്ത് --- 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി

നം കെ. എസ്. എ. /കെ.എൻ.ആർ./സി.2/1360/2017 തീയതി : 10.10.2017

# കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ

# 2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-12-2016 മുതൽ 03-07-2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 38അന്വേഷണക്കുറിപ്പുകളിൽ 11എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിനിയോഗിച്ച സമയം : 04-07-2017 മുതൽ 15-07-2017 വരെ,

21-07-2017 മുതൽ 24-07-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.സുരേഷ്ബാബു.കെ വി<br>( 04-07-2017 മുതൽ 10-07-2017 ,13-07-2017 മുതൽ 15-07-2017 ,21-07-2017 മുതൽ 24-07-2017 ) | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.ഷഹീൻ .പി<br>(04-07-2017 മുതൽ 15-07-2017 വരെ,10-07-2017ന് ആകസ്മികാവധി) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 3 | ശ്രീമതി റീന പിട്ടൻ<br>(04-07-2017 മുതൽ 15-07-2017 വരെ,10-07-2017ന് ആകസ്മികാവധി) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ കെ വി മുഹമ്മദലി | 01-04-2016 മുതൽ 31-03-2017 വരെ. |
| സെക്രട്ടറി | ശ്രീ പി വി ബാലകൃഷ്ണൻ | 01-04-2016 മുതൽ 31-05-2016വരെ |
| | ശ്രീ ഷിബു കരുൺ<br>അസിസ്റ്റന്റ് സെക്രട്ടറി<br>(സെക്രട്ടറിയുടെ പൂർണ്ണ അധികച്ചുമതല) | 01-06-2016 മുതൽ 13-10-2016 വരെ |
| | ശ്രീ ടി എം ഉണ്ണികൃഷ്ണൻ<br>അസിസ്റ്റന്റ് സെക്രട്ടറി<br>(സെക്രട്ടറിയുടെ പൂർണ്ണ അധികച്ചുമതല) | 14-10-2016 മുതൽ 26-12-2016 വരെ |
| | ശ്രീ പി ശശി | 27-12-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | ശ്രീ ഷിജി മാത്യു | 01-04-2016 | 30-01-2017 |
| | | ശ്രീമതി സലോമി സക്കറിയ പണിക്കർ | 31-01-2017 | 31-03-2017 |
| 2 | വി.ഇ.ഒ | ശ്രീ മുസ്തഫ എം | 01-04-2016 | 31-03-2017 |

| | | | | |
|---|---|---|---|---|
| 3 | വെറ്റിനറി സർജൻ | ഡോ.സരിഗ പി | 01-04-2016 | 31-03-2017 |
| 4 | മെഡിക്കൽ ഓഫീസർ (PHC) | ഡോ:അനിൽകുമാർ | 01-04-2016 | 09-08-2016 |
| | | ഡോ:അനൂപ് | 10-08-2016 | 31-03-2017 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ: ഇന്ദു.ബി കെ | 01-04-2016 | 31-03-2017 |
| 6 | അസി. എഞ്ചിനീയർ | ശ്രീ.സി.കെ.പുഷ്പജൻ (റിട്ടയേർഡ് അസി. എഞ്ചിനീയർ-താൽക്കാലികനിയമനം) | 01-04-2016 | 26-01-2017 |
| | | ശ്രീമതി വഹീദ കെ | 27-01-2017 | 31-03-2017 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ശാലിനി വി | 01-04-2016 | 31-03-2017 |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ഷിബു കരുൺ | 01-04-2016 | 13-10-2016 |
| | | ശ്രീ ടി എം ഉണ്ണികൃഷ്ണൻ | 14-10-2016 | 31-03-2017 |
| 9 | ഹെഡ് മാസ്റ്റർ | ശ്രീ സി പി പ്രകാശൻ | 01-04-2016 | 31-03-2017 |
| 10 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ:ജയദീപ് കെ പി | 01-04-2016 | 31-03-2017 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|

| ഭാഗം 1 പൊതു അവലോകനം | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യ പത്രിക |
| 3 | 1-3 | വാർഷികധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ |
| 11 | 1-11 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ വീഴ്ചകൾ |

| | | |
|---|---|---|
| 12 | 1-12 | ആസ്തി രജിസ്റ്ററുകൾ കാലികമാക്കുന്നതിലെ വീഴ്ച്ച |
| 13 | 1-13 | ഗ്രാമസഭകളുടെ പ്രവർത്തനം |
| 14 | 1-14 | നോൺ ബാങ്കിംഗ് ട്രഷറി ഇടപാടുകൾ നടത്തുന്നതിനുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക തിരിച്ചടക്കേണ്ടതാണ്. |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 15 | 2-1 | ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണത്തിലുണ്ടായ വീഴ്ചകൾ |
| 16 | 2-2 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ<br>അപാകങ്ങൾ-ഗ്രാമപപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ വൻനഷ്ടം |
| 17 | 2-3 | സർക്കാർ അംഗീകാരമില്ലാത്ത സ്കൂളുകളിൽ നിന്ന് വസ്തു നികുതി ഈടാക്കേണ്ടതാണ് |

| | | |
|---|---|---|
| | | |
| 18 | 2-4 | അനധികൃത കെട്ടിടങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. |
| 19 | 2-5 | തൊഴിൽ നികുതി - ഡിമാന്റ് ചെയ്യുന്നതിലെയും ഈടാക്കുന്നതിലെയും അപാകങ്ങൾ |
| 20 | 2-6 | ഡി & ഒ ലൈസൻസ് ചുമത്തുന്നതിലെ അപാകങ്ങൾ |
| 21 | 2-7 | പാരാമെഡിക്കൽ രജിസ്ട്രേഷൻ- രേഖകളും രജിസ്റ്ററും ഹാജരാക്കിയില്ല. |
| 22 | 2-8 | ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട തുക ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല. |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 23 | 3-1 | ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 1050000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |

| | | |
|---|---|---|
| 24 | 3-2 | പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 125000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 25 | 3-3 | സ്കൂൾ ഡയറി വിതരണം സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 42300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 26 | 3-4 | നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണ കിറ്റ് നല്കൽ അപാകങ്ങൾ- 10767 രൂപ നിരാകരിക്കുന്നു. 215308 രൂപ തടസ്സപ്പെടുത്തുന്നു. |
| 27 | 3-5 | എസ്.എസ്.എ.വിഹിതം നല്കൽ അപാകങ്ങൾ 600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 28 | 3-6 | എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കൽ - ഇൻസ്റ്റാലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. 210000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 29 | 3-7 | തെക്കുമ്പാട് ബോട്ട് സർവ്വീസ് - നടപടിക്രമങ്ങൾ പാലിക്കാതെ സ്വകാര്യ വ്യക്തിക്ക് അനുവദിച്ച 108000 |

| | | |
|---|---|---|
| | | തടസ്സപ്പെടുത്തുന്നു |
| 30 | 3-8 | കെട്ടിട വാടക ഇനത്തിൽ ഈടാക്കിയ വരുമാന നികുതി 115065 രൂപ തനത് ഫണ്ടിൽ ഒടുക്കി. |
| 31 | 3-9 | മാവേലി സ്റ്റോറിന്റെ വാടക സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 17520/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 32 | 3-10 | വാനിഷിംഗ് തസ്തികയിൽ പൗണ്ട്കീപ്പർ നിയമിച്ചു.118995രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 33 | 3-11 | സർക്കാർ ഉത്തരവില്ലാതെ പഞ്ചായത്ത് ഓഫീസിന് പുതിയ വാഹനം വാങ്ങിച്ചു. 800687 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 34 | 3-12 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ-നികുതിയിനങ്ങൾ ഓവർഹെഡ് ചാർജിൽ നിന്നും കുറവ് ചെയ്യാതെ വികസനഫണ്ടിൽ നിന്നും നൽകിയത് ക്രമപ്രകാരമല്ല.6,889/-രൂപ ഈടാക്കേണ്ടതാണ്. |

| | | |
|---|---|---|
| 35 | 3-13 | ബിറ്റുമിൻ വാങ്ങി നൽകൽ-കരാറുകാരിൽ നിന്നും ബിറ്റുമിൻ വില ഈടാക്കിയതിൽ കുറവ്-16,024/-രൂപയുടെ നഷ്ടം |
| 36 | 3-14 | ഗുണഭോക്തൃസമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ : ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച |
| 37 | 3-15 | ഐ.എ.വൈ ഭവന നിർമ്മാണം -പഞ്ചായത്ത് വിഹിതം നല്കൽ വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്. |
| 38 | 3-16 | പൊതുമരാമത്ത് ടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകൽ-ബാരൽ വില ഈടാക്കിയില്ല-13,650/-രൂപ അധികം നൽകിയത് ഈടാക്കേണ്ടതാണ്. |
| 39 | 3-17 | വാട്ടർ അതോറിറ്റി പൊതു ടാപ്പിന് ചാർജ്ജ് നല്കൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. 400000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 40 | 3-18 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിയെ ഏല്പിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്. |

| | | |
|---|---|---|
| 41 | 3-19 | ഹോമിയോ മരുന്നുകൾ ലഭിക്കുന്നതിലെ കാലതാമസം- പ്രൊജക്ട് നിർവഹണത്തെ ബാധിക്കുന്നു. |
| ഭാഗം 4 പൊതുവിവരവും ഓഡിറ്റ് പ്രത്യവലോകനവും | | |
| 42 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 43 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 44 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 45 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 46 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 47 | 4-6 | ഓഡിറ്റ് റിക്കവറി |
| 48 | 4-7 | ചാർജ് സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ |
| 49 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം |

| | | |
|---|---|---|
| 50 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 51 | 4-10 | ഓഡിറ്റ് ഇംപാക്റ്റ് |
| 52 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | | അനുബന്ധങ്ങൾ |
| 53 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 54 | Appendix- 2 | Income&Expenditure Statement |
| 55 | Appendix- 3 | Receipt& Payment Statement |
| 56 | Appendix- 4 | Balance Sheet |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് 29-02-2016 തീയതിയിൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുകയും ഭരണസമിതി തീരുമാനം നമ്പർ 1 പ്രകാരം അംഗീകരിക്കുകയുമുണ്ടായി. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത്(റസീറ്റ് | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| | | &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | |
| മുന്നിരിപ്പ് | 17,84,550 | 67,36,675 | ഡി ബി ടി,ഇ എഫ് എം എസ് തുടങ്ങിയ സംവിധാനം വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്ന തുകകൾ കൂടി ഉൾപ്പെടുത്തി യാണ് ബജറ്റ് തയ്യാറാക്കു ന്നത്. റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇവ ഉൾപ്പെടുത്താത്തതിനാൽ താരതമ്യം സാധ്യമായിട്ടില്ല |
| വരവ് | 7,51,81,000 | 3,57,10,713 | |
| ആകെ | 7,69,65,550 | 4,24,47,388 | |
| ചെലവ് | 7,34,44,000 | 3,48,55,266 | |
| നീക്കിയിരിപ്പ് | 35,21,550 | 75,92,122 | |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വരുമാന ചെലവ് പത്രികപ്രകാരമുള്ള വരുമാനവും ചെലവും തമ്മിലുള്ള താരതമ്യം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| വരുമാനം | 7,51,81,000 | 6,47,50,066 | | 1,04,30,934 | (-)13.87 |
| ചെലവ് | 7,34,44,000 | 6,42,42,029 | | 92,01,971 | (-)12.53 |

ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാത്തതിനാൽ യഥാർത്ഥ വരവ് ചെലവ് കണക്കുകളുമായി തുലനം ചെയ്യുവാൻ സാധിച്ചില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-2017 | 31.07.2017 | 17-06-2017 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-2017 | 13-07-2017 | കെ.എസ്.എ/ കെ.എൻ.ആർ/സി.3/980 /2017 തീയ്യതി 13.07.2017 | വിശേഷണങ്ങളോട്ടു കൂടിയത് |

ന്യൂനത

1- മാട്ടൂൽ സർവ്വീസ് സഹകരണ ബാങ്ക് എക്കൗണ്ട് നമ്പർ 5771 റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാണിച്ച പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 2136432 ആണ് എന്നാൽ യഥാർത്ഥ നീക്കിയിരിപ്പ് 2266338 ആണ്. 129906 രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

2- റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കലക്ഷനാകാത്ത ചെക്കുകളുടെ ഇനത്തിൽ കാണിച്ച താഴെ പറയുന്ന തുകകൾ ഏതെന്ന് വ്യക്തമല്ല.

| തീയതി | ഇൻസ്ട്രുമെന്റ് | തുക |
|---|---|---|
| 30-03-2017 | 10963 | 74052 |
| 31-03-2017 | | 54900 |
| 31-03-2017 | | 30812 |

3- എം.എൻ.അർ.ജി.എസ്. തൊഴിൽ കൂലി ഇനത്തിൽ ഇ.എഫ്.എം.എസ്. പ്രകാരം വരവ് വന്ന തുക വാർഷിക കണക്കിൽ (ഇൻകം & എക്സ്പന്റിച്ചർ പത്രികയിൽ) ഉൾപ്പെടുത്തിയിട്ടില്ല.

4- വസ്തുനികുതി ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5- ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാത്തതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

6- സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ബില്ലുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം.

സ്ഥാപനത്തിന്റെ 2016-2017വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 67,36,675 |
| വരവ് | 3,57,10,713 |
| ആകെ | 4,24,47,388 |
| ചെലവ് | 3,48,55,266 |
| നീക്കിയിരിപ്പ് | 75,92,122 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് (എ.സി.ആർ പ്രകാരമുള്ളത്) | ആകെ | ചെലവ് | അലോട്ട്മെന്റിൽ ബാക്കിയുള്ള തുക (എ.സി. ആർ പ്രകാരമുള്ളത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,10,58,180 | 1,10,58,180 | 89,48,580 | 21,09,600 | 80.92 |
| വികസനഫണ്ട് എസ്.സി.പി. | 0 | 33,55,076 | 33,55,076 | 15,50,000 | 18,05,076 | 46.19 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 7845 | 7845 | 7845 | | 100 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 19,93,852 | 19,93,852 | 8,61,426 | 11,32,426 | 43.20 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 0 | 30,99,195 | 30,99,195 | 23,07,150 | 7,92,045 | 74.44 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 56,75,494 | 56,75,494 | 13,46,264 | 43,29,230 | 23.72 |
| കെ എൽ ജി എസ് ഡി പി- ഗ്രാന്റ് | 0 | 45,13,190 | 45,13,190 | 17,43,779 | 27,69,411 | 38.63 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1096 | 506408 | 507504 | 507504 | - | 100 |
| ബി ഫണ്ട് | 0 | 3,61,65,785 | 3,61,65,785 | 3,61,65,785 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 2016-17 | 132 | 4,24,58,096 | 68 | 2,09,24,235 | 28 | 36 | 51.51 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 36ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 30,26,323 | 39,01,030 | 8,74,707 | (+)28.90 |
| നികുതിയേതര വരവുകൾ | 6,23,450 | 10,06,114 | 3,82,664 | (+)61.38 |
| മറ്റു വരവുകൾ | 1,53,110 | 2,67,313 | 1,14,203 | (+)74.59 |
| ആകെ | 38,02,883 | 51,74,457 | 13,71,574 | (+)36.00 |

ഗ്രാമപഞ്ചായത്തിന് തൻവർഷം 100% നികുതി പിരിവ് ലക്ഷ്യം കൈവരിക്കുവാനായിട്ടില്ല. വസ്തു നികുതിയിനത്തിൽ വലിയ കുടിശ്ശിക പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

2016-2017 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-2017 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 83,760 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 9,86,280 | 117 |

| | | |
|---|---|---|
| വിധവാപെൻഷൻ | 1,16,81,800 | 1105 |
| വാർദ്ധക്യകാലപെൻഷൻ | 1,99,64,150 | 1867 |
| വികലാംഗപെൻഷൻ | 26,97,865 | 303 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,97,930 | 20 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 5,10,000 | 17 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-06-17 മുതൽ 28-06-17 വരെ | 01-04-17 മുതൽ 31-05-17 വരെ | ലഭ്യമല്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 1997-98 മുതൽ 2006-07 വരെ | LBA(HQ)-03/8A-1138/83 തീയതി 07-07-2007 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-07-2017 ന് 3.30മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32,055/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ വീഴ്ചകൾ.

മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പേഴ്സണൽ രജിസ്റ്ററിൽ തപാൽ ലഭിച്ച വിവരങ്ങൾ മാത്രമാണ് ജീവനക്കാർ രേഖപ്പെടുത്തിയിട്ടുള്ളത്. തപാലുകളിൽ സ്വീകരിച്ച തുടർനടപടികളുടെയും തീർപ്പാക്കിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുകയോ പേഴ്സണൽ രജിസ്റ്റർ ഉത്തരവാദപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. എം ഒ പി ഖണ്ഡിക 154(1) പ്രകാരം സൂക്ഷിക്കേണ്ട കോൾ ബുക്ക് സൂക്ഷിച്ചിട്ടില്ല. എം ഒ പി 154(2) പ്രകാരം സൂക്ഷിക്കേണ്ട റിമൈൻഡർ ഡയറി സൂക്ഷിച്ചുവരുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 156,157 എന്നിവ പ്രകാരം തയ്യാറാക്കേണ്ട

സർവ്വെ റിപ്പോർട്ട് ഓഫ് സ്റ്റോഴ്സ്, റിപ്പോർട്ട് ഓഫ് സർപ്ലസ് സ്റ്റോഴ്സ് ഫോർ ഡിസ്പോസൽ എന്നിവ തയ്യാറാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോൾ I ആർട്ടിക്കിൾ 150 പ്രകാരം സൂക്ഷിക്കേണ്ട ഫർണ്ണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിട്ടില്ല. ഐഡന്റിഫിക്കേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫർണിച്ചറുകൾ ഏത് സാമ്പത്തിക വർഷകാലയളവിൽ വാങ്ങിയവയാണെന്ന് തിരിച്ചറിയുവാൻ സാധിക്കുന്നില്ല.

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററുകൾ എഴുതിസൂക്ഷിക്കുന്നില്ല. ഇൻകുമ്പെൻസി മാസ്റ്റർ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നുവെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച.

06.08.2012 ലെ സ.ഉ.(കൈ) നം.212/12, 18.07.2013 ലെ സ.ഉ.(കൈ) നം.255/13 എന്നീ ഉത്തരവുകൾ പ്രകാരം എല്ലാ ആസ്തികളും സുചിത്ര സോഫ്റ്റ് വെയർ മുഖേന രേഖപ്പെടുത്തേണ്ടതും നേരത്തേ രേഖപ്പെടുത്തിയ റോഡുകളുടെ നീളം, ഭൂമിയുടേയും കെട്ടിടങ്ങളുടേയും വിസ്തൃതി തുടങ്ങിയ ആസ്തി സംബന്ധമായ അളവുകൾ നിർദ്ദേശിച്ച യൂണിറ്റുകളിലാക്കി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ് എന്നും ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കിയ പ്രസ്തുത ആസ്തി രജിസ്റ്റർ ശില്പശാലകളിൽ പരിശോധിച്ച് കുറ്റമറ്റതാക്കിയ ഡാറ്റാബേസിന് ബന്ധപ്പെട്ട ഭരണസമിതിയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ആസ്തികളിൽ കാലികമായ മാറ്റം വരുത്തി സാക്ഷ്യ പ്പെടുത്തുന്നതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്ന ഏത് ആസ്തികളിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടത് ആസ്തി രജിസ്റ്ററിനെ അടിസ്ഥാനമാക്കിയാണ് എന്നിരിക്കേ പ്രസ്തുത രജിസ്റ്റർ കുറ്റമറ്റതാക്കാത്തത് വീഴ്ചയായിട്ടാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്. ആസ്തി രജിസ്റ്ററിൽ കാലികമായ മാറ്റങ്ങൾ വരുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യ പ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-13 ഗ്രാമസഭകളുടെ പ്രവർത്തനം

കേരളാ പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. എന്നാൽ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ 2016-17വർഷത്തിൽ 2തവണ മാത്രമാണ് ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്.

വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | മാസം | പ്രധാന അജണ്ട |
|---|---|---|
| 1 | 06/2016 | പദ്ധതി രൂപീകരണഗ്രാമസഭ |
| 2 | 11/16 | ഗുണഭോക്തൃതെരഞ്ഞെടുപ്പ്,MNREGS ആക്ഷൻ പ്ലാൻ അംഗീകരിക്കൽ. |

ഗ്രാമസഭകളിൽ ക്വാറം തികയുന്നതിനാവശ്യമായ ആളുകൾ പങ്കെടുത്തിട്ടുണ്ട്.

ഗ്രാമസഭാപ്രവർത്തനം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്.

1) ഒന്നാമത്തെ ഗ്രാമസഭ – മുൻവർഷത്തെവികസനപ്രവർത്തനങ്ങളുടെ അവലോകനവും, നടപ്പ്

വർഷത്തെ വാർഷീകപദ്ധതി നിർദ്ദേശങ്ങളും.

2) രണ്ടാമത്തെ ഗ്രാമസഭ – അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ ചർച്ചയും ഗുണഭോക്തൃതെരഞ്ഞെടുപ്പും.

3) മൂന്നാമത്തെ ഗ്രാമസഭ – വാർഷീകപദ്ധതി നിർവഹണവും, ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനവും.
4)നാലാമത്തെ ഗ്രാമസഭ – പദ്ധതി പുരോഗതി മോണിട്ടറിംഗും സോഷ്യൽഓഡിറ്റും.

ഓഡിറ്റ് വർഷം ചേർന്ന ഗ്രാമസഭകളിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുവാൻ സാധിച്ചിട്ടില്ല. ഓരോ തലത്തിലെയും പെൻഷനുകൾ സംബന്ധിച്ച് വ്യാപകമായ പ്രചാരണം ഗ്രാമസഭാതലത്തിൽ നടത്തണമെന്ന നിർദ്ദേശം പാലിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. പെൻഷനുകൾക്ക് വേണ്ടി ലഭിച്ച അപേക്ഷകൾ, അർഹത നിശ്ചയിക്കുന്നതിന് അവലംബമാക്കിയ മാനദണ്ഡങ്ങൾ, അനുവദിക്കപ്പെട്ട, തിരസ്കരിച്ച അപേക്ഷകൾ എന്നിവയുടെ വിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയതിന്റെ രേഖപ്പെടുത്തലുകളൊന്നും ഗ്രാമസഭാമിനുട്സിൽ വരുത്തിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ ചർച്ച ചെയ്യിട്ടില്ല, ആയതിനും പ്രത്യേക പരിഗണന നൽകേണ്ടതാണ്.

## 1-14 നോൺ ബാങ്കിംഗ് ട്രഷറി ഇടപാടുകൾ നടത്തുന്നതിനുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക തിരിച്ചടക്കേണ്ടതാണ്

മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ ട്രഷറി ഇടപാടുകൾ നടത്തിയിരുന്ന പഴയങ്ങാടി സബ് ട്രഷറി നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്നും ബാങ്കിംഗ് ട്രഷറിയായി 2015-2016 വർഷത്തിൽ പരിവർത്തനം ചെയ്യുകയുണ്ടായി.നോൺ ബാങ്കിംഗ് ട്രഷറിയായിരുന്ന സമയത്ത് പണം നിക്ഷേപിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർ സർക്കാർ നിർദ്ദേശപ്രകാരം ആരംഭിച്ച ദേശസാൽകൃത ബാങ്ക് അക്കൗണ്ടുകൾ ഇപ്പോൾ നിഷ്ക്രിയമാണ്.പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.സെക്രട്ടറി ഒഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് വിവരങ്ങൾ വാർഷികകണക്കിലും രേഖപ്പെടുത്തുന്നില്ല.പ്രസ്തുത അക്കൗണ്ട് നിലവിൽ ആവശ്യമില്ലാത്തതിനാൽ ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുക പഞ്ചായത്തിൽ അടക്കേണ്ടതും സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.ഓഡിറ്റിന് ലഭ്യമായ വിവരങ്ങൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥന്റെ പേര് | ബാങ്ക് അക്കൗണ്ട് വിവരങ്ങൾ | നീക്കിയിരിപ്പ് തുക | റിമാർക്സ് |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് എൻജിനീയർ | 40421100006198, KGB ,മാട്ടൂൽ ശാഖ | 87,288(As on 01-05-)17 | നീക്കിയിരിപ്പ് വിവരം കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. |

| | | | | |
|---|---|---|---|---|
| 2 | മെഡിക്കൽ ഓഫീസർ,GAD മാട്ടൂൽ | 40421100007492, KGB ,മാട്ടൂൽ ശാഖ | 6074.61(As on 09-12-15) | കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 3 | കൃഷി ഓഫീസർ | 0730101035028 | 3713(As on 05-07-17) | കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. |
| 4 | മെഡിക്കൽ ഓഫീസർ,PHCമാട്ടൂൽ | 40421100009963, KGB ,മാട്ടൂൽ ശാഖ | 1582(As on 01-05-17) | കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. |
| 5 | ഐ സി ഡി എസ് സൂപ്പർവൈസർ | 40421100005955 KGB ,മാട്ടൂൽ ശാഖ | 4037(As on 01-05-17) | കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണത്തിലുണ്ടായ വീഴ്ചകൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണ നടപടികൾ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ ഇതുവരെയായും പൂർത്തിയായിട്ടില്ല. ഇതുവരെയുള്ള നികുതിപരിഷ്കരണനടപടികളിൽ ശ്രദ്ധയിൽപ്പെട്ട വീഴ്ചകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1.പുതിയ നികുതിദായകരുടെ വസ്തുനികുതി നിർണ്ണയത്തിൽ വീഴ്ച. ഗ്രാമപഞ്ചായത്തിന് വൻ നഷ്ടം.

പുതിയ നികുതിദായകർക്ക് (PLINTH AREA)14-01-2011 തീയതി മുതലും നിലവിലുള്ള നികുതിദായകർക്ക്(ARV) 2013-14 വർഷം മുതലുമാണ് പരിഷ്കരിച്ച വസ്തുനികുതി പ്രാബല്യത്തിൽ വരുന്നത്. നിലവിലുള്ള നികുതിദായകരുടെ 2013-2014 വർഷം മുതലുള്ള നികുതി പരിഷ്കരിക്കുകയുണ്ടായി. എന്നാൽ 14-01-2011 തീയതി മുതൽ 31-03-2013 വരെയുള്ള കാലയളവിലെ പുതിയ നികുതി ദായകരെ നിലവിലുള്ള നികുതിദായകരായി കണക്കിലെടുത്താണ് ഗ്രാമപഞ്ചായത്ത് നികുതി പരിഷ്കരണം നടത്തിയത്. പുതിയ നികുതിദായകർക്ക് പരിഷ്കരിച്ച നിരക്കിലുള്ള നിരക്കിലുള്ള നികുതിയാണ് ബാധകമെന്നതിനാലും നിലവിലുള്ള നികുതിദായകർക്ക് (13-01-2011-ന് മുൻപുള്ള നികുതിദായകർ) ലഭിക്കുന്ന ഇളവുകൾക്ക് അർഹതയില്ലാത്തതിനാലും പരിഷ്കരിച്ച നിരക്കിലുള്ള നികുതിയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഈ കാലയളവിലെ നികുതിദായകരിൽ നിന്ന് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയതിനാൽ ഗ്രാമപഞ്ചായത്തിന് വലിയ നഷ്ടമുണ്ടായിട്ടുണ്ട്. പഞ്ചായത്തിലുള്ള പുതിയ കെട്ടിടങ്ങളുടെ രജിസ്റ്റർ പ്രകാരം 14-01-2011 മുതൽ 31-03-2013 വരെയുള്ള കാലയളവിൽ വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ഇത്തരം കെട്ടിടങ്ങളുടെ സംഗതികളിൽ 14-01-2011 തീയതി മുതൽ 31-03-2013 വരെയുള്ള കാലയളവിലെ കുടിശ്ശിക ഈടാക്കേണ്ടതാണ്. ആയതിനാൽ

14-01-2011 തീയതി മുതൽ 31-03-2013 വരെയുള്ള കാലയളവിലെ പുതിയ നികുതിദായകരുടെ വസ്തുനികുതി പരിഷ്കരിച്ച് കുടിശ്ശികനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

2.വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിലെ പിഴവുകൾ

പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ അന്തിമ വിജ്ഞാപന പ്രകാരം(17-11-2011 ലെ എ2-7133/11) വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 100 ചതുരശ്ര മീറ്റർ വരെയുള്ള ഷോപ്പുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് 30രൂപയും 100 ചതുരശ്രമീറ്ററിനു മുകളിലുള്ളവയ്ക്ക് 50 രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 100 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ മുറികൾക്ക് വേറെ വേറെ കെട്ടിടനമ്പർ നൽകിയ ശേഷം മുറികളുടെ വിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ(മുറികളായി വിഭജിക്കുമ്പോൾ വിസ്തീർണ്ണം 100 ച.മീറ്ററിൽ താഴെയാക്കി നികുതിയിൽ ച.മീറ്ററിന് 20/-രൂപ ഇളവ് ലഭിക്കുന്ന രീതി) 100ച.മീ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ ചതുരശ്രമീറ്ററിന് 30/-രൂപയാണ് ചുമത്തുന്നത്. വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം ഈ രീതിയിൽ നിർണ്ണയിക്കുന്നത് ക്രമപ്രകാരമല്ല.ആയതിനാൽ 14-01-2011തീയതി മുതലുള്ള മുഴുവൻ വാണിജ്യാവശ്യത്തിനുള്ള പുതിയ കെട്ടിടങ്ങളുടെയും ഘടനാപരമായി മാറ്റം വരുത്തിയ 14-01-2011തീയതിക്ക് മുൻപുള്ള പഴയ കെട്ടിടങ്ങളുടെയും വസ്തുനികുതി പരിഷ്കരണത്തിലുണ്ടായ ഈ അപാകത പരിഹരിച്ച് കുറവ് വന്ന നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

3.ഘടനാപരമായ മാറ്റങ്ങൾ,കൂട്ടിചേർക്കലുകൾ എന്നിവ ഫീൽഡ് പരിശോധന നടത്തി ഉറപ്പുവരുത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. സഞ്ചയയിൽ നിന്നുള്ള 2016-17 ഡി സി ബിപത്രിക പ്രകാരമുള്ള കളക്ഷൻ തുക സാംഖ്യയിലെ 2016-17 വർഷത്തെ കളക്ഷൻ തുകയുമായി പൊരുത്തപ്പെടുന്നില്ല.വസ്തുനികുതി ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ വാർഷികണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകങ്ങൾ-ഗ്രാമപപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ വൻനഷ്ടം

വസ്തുനികുതി പരിഷ്കരണ അന്തിമ വിജ്ഞാപന പ്രകാരം പഞ്ചായത്തിലെ 13-09-2011 ലെ 111(1) നമ്പർ തീരുമാന പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 100 ചതുരശ്ര മീറ്റർ വരെയുള്ള ഷോപ്പുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് 30രൂപയും 100 ചതുരശ്ര മീറ്ററിനു മുകളിലുള്ളവയ്ക്ക് 50 രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3(5)പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം ചട്ടം4-ഉപചട്ടം-1ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ അവയെ വേറെ വേറെ കെട്ടിടഭാഗങ്ങളായി കണക്കാക്കി ഓരോ കെട്ടിടഭാഗത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തുവാൻ പാടുള്ളൂ. എന്നാൽ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 100 ച.മീ-ൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 100ച.മീ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ ചതുരശ്രമീറ്ററിന് 30/-രൂപയാണ് ചുമത്തുന്നത്. 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള

താഴെ പറയുന്ന ഷോപ്പുകൾക്ക് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 50 രൂപ എന്നതിനു പകരം 30 രൂപ എന്ന തോതിൽ നികുതി നിർണ്ണയിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

(1)-2016-2017 വർഷത്തിലെ പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലുണ്ടായ നഷ്ടം.

1) ഉടമസ്ഥന്റെ പേര് :പ്രസിഡന്റ് , മൻഷഉ തസ്കിയതി സുന്നിയത്തിൽ ഇസ്ലാമിയ കമ്മിറ്റി

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഇരുനില കെട്ടിടം

| ക്രമ നം | കെട്ടിട നം/ അസസ്സ് മെന്റ് നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തു നികുതി+ (ഗ്രന്ഥ ശാലവരി 5%) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാ ലവരി5%) | വ്യത്യാസം | കുറിപ്പ് | രശീതി നം. തീയ്യതി |
|---|---|---|---|---|---|---|---|
| 1 | വാർഡ്-3, 3/A | 23 | 797 | 1328 | 531 | 20% വർദ്ധനവ്, 10% ഇളവ് | 8136/56/18.10.16 -5579/- 8136/57 /18.10.16-9322/- = 14901 രൂപ |
| 2 | 3/B | 23 | 797 | 1328 | 531 | 20% വർദ്ധനവ് 10% ഇളവ് | "" |
| 3 | 3/C | 23 | 797 | 1328 | 531 | 20% വർദ്ധനവ് 10% ഇളവ് | "" |
| 4 | 3/D | 23 | 797 | 1328 | 531 | 20% വർദ്ധനവ് | "" |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 10% ഇളവ് | |
| 5 | 3/E | 23 | 797 | 1328 | 531 | 20% വർദ്ധനവ് 10% ഇളവ് | "" |
| 6 | 3/F | 23 | 797 | 1328 | 531 | 20% വർദ്ധനവ് 10% ഇളവ് | "" |
| 7 | 3/G | 23 | 797 | 1328 | 531 | 20% വർദ്ധനവ് 10% ഇളവ് | "" |
| 8 | 3/H | 23 | 797 | 1328 | 531 | 20% വർദ്ധനവ് 10% ഇളവ് | 8136/57/18.10.16 - 9322 |
| 9 | 3/I | 23 | 797 | 1328 | 531 | 20% വർദ്ധനവ് 10% ഇളവ് | "" |
| 10 | 3/J | 23 | 797 | 1328 | 531 | 20% വർദ്ധനവ് 10% ഇളവ് | "" |
| 11 | 3/K | 23 | 797 | 1328 | 531 | 20% വർദ്ധനവ് 10% ഇളവ് | "" |
| 12 | 3/L | 23 | 797 | 1328 | 531 | 20% വർദ്ധനവ് | "" |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 10% ഇളവ് | |
| 13 | 3/M | 23 | 797 | 1328 | 531 | 20% വർദ്ധനവ് 10% ഇളവ് | "" |
| 14 | 3/N | 131 | 4540 | 7565 | 3025 | 20% വർദ്ധനവ് 10% ഇളവ് | "" |
| ആകെ | | | 14901 | 24829 | 9928 | | |

*ക്രമനമ്പർ (14) 3/N കെട്ടിടത്തിന് ഫോം 6 പ്രകാരം വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ഉപയോഗ ക്രമം വാണിജ്യാവശ്യങ്ങൾക്കായുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗൺ എന്നായി ഡാറ്റാ എൻട്രി ചെയ്യുന്നതിന് പകരം വാണിജ്യാവശ്യങ്ങൾക്കായുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗൺ എന്ന് എൻട്രി ചെയ്തതിനാൽ പ്രസ്തുത കെട്ടിടത്തിന് 131 ച മീറ്ററിൽ കൂടുതലായിരുന്നിട്ടും താഴ്ന്ന നിരക്കിലുള്ള നിരക്ക് (30രൂപ) ഈടാക്കിയിരിക്കുന്നു . ആയതിന് വിശദീകരണം നല്കേണ്ടതാണ്.

*ബിൽഡിംഗ് പെർമിറ്റ് നം BL.No. 417/15-16 /21.01.2016 പ്രകാരമുള്ള കെട്ടിടത്തിന്റെ നിർമ്മാണം(429.71 m2GF+481.37m2FF) പൂർത്തിയാക്കിയിട്ടുണ്ടെന്ന് 13.05.16 ന് ഉടമസ്ഥൻ പൂർത്തികരണ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. എൽ എസ്. ജി.ഡി ഓവർസീയർ കെട്ടിടത്തിന്റെ ഘടനാപരമായ പണികൾ പൂർത്തികരിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടും ഗ്രൗണ്ട് ഫ്ലോറിന്റെ (430m2 GF)വസ്തുനികുതി മാത്രം നിർണ്ണയിച്ച് ഈടാക്കിയതിന് വിശദീകരണം നല്കേണ്ടതാണ്.

2) ഉടമസ്ഥന്റെ പേര് :കീറ്റുകണ്ടി മുനീറ,

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഇരുനില കെട്ടിടം

| ക്രമ നം | കെട്ടിട നം/ അസസ്സ്മെന്റ് നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി+ (ഗ്രന്ഥശാലവരി 5%) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി5%) | വ്യത്യാസം | കുറിപ്പ് | രശീതി നം. തീയ്യതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | വാർഡ്-9,<br>295/A | 96 | 3327 | 5544 | 2217 | 20%<br>വർദ്ധനവ്,<br>10% ഇളവ് | 11603/0044/<br>26.4.16 |
| 2 | 295/B | 13 | 369 | 751 | 382 | 20%<br>വർദ്ധനവ്<br>10% ഇളവ് | 1160310045/<br>26.4.16 |
| 3 | 295/C | 15 | 520 | 866 | 346 | 20%<br>വർദ്ധനവ്<br>10% ഇളവ് | 1160310034<br>26.04.2016 |
| 4 | 295/D | 14 | 486 | 806 | 320 | 20%<br>വർദ്ധനവ്<br>10% ഇളവ് | 11603100347<br>26.4.16 |
| 5 | 295/E<br>FF | 122 | 6694 | 6694 | 0 | 20%<br>വർദ്ധനവ്<br>10% ഇളവ്<br>5% ഇളവ് | 11603100348<br>26.4.16 |
| 6 | 295/F<br>FF | 13 | 429 | 713 | 284 | 20%<br>വർദ്ധനവ്<br>10% ഇളവ് | 11603100349<br>26.4.16 |
| 7 | 295/G | 15 | 495 | 822 | 327 | 20%<br>വർദ്ധനവ്<br>10% ഇളവ് | ലഭ്യമല്ല |
| ആകെ | | 288 | 12320 | 16196 | 3876 | | |

ക്രമ നം 1 (295 B) റോഡിന്റെ തരം ഡാറ്റാ എൻട്രി നടത്തുമ്പോൾ 5 മീറ്ററോ അതിൽ കൂടുതലോ എന്നതിന് പകരം 1.5 മീറ്ററിൽ കൂടുതൽ എന്നത് തെരഞ്ഞെടുത്തതിനാൽ നടത്തേണ്ട വർദ്ധനവ് വരുത്താതെ നികുതി നിർണ്ണയം നടത്തിയതിനാൽ ആ രീതിയിലും ഈടാക്കിയ വസ്തു നികുതിയിൽ കുറവ് വന്നിട്ടുണ്ട്.

3) ഉടമസ്ഥന്റെ പേര് :കീറ്റുകണ്ടി ഹാജിറ,

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഇരുനില കെട്ടിടം

| ക്രമ നം | കെട്ടിട നം/ അസസ് സ്മെന്റ് നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി+ (ഗ്രന്ഥശാലവരി 5%) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി5%) | വ്യത്യാസം | കുറിപ്പ് | രശീതി നം. തീയ്യതി |
|---|---|---|---|---|---|---|---|
| 1 | 9 വാർഡ് 264/B FF | 5.13 | 171 | 282 | 111 | 20% വർദ്ധനവ് 10% ഇളവ് 5%ഇളവ് | 102881/16 /29.11.2016 |
| | 264/C | 9 | 312 | 520 | 208 | 20% വർദ്ധനവ് 10% ഇളവ് | 102882/16 /29.11.2016 |
| 3 | 264/D | 13.2 | 458 | 762 | 304 | 20% വർദ്ധനവ് 10% ഇളവ് | 102883/16 /29.11.2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 264/E | 14 | 486 | 808 | 322 | 20% വർദ്ധനവ് 10% ഇളവ് | 102884/16 /29.11.2016 |
| 5 | 264/F | 13.75 | 477 | 794 | 317 | 20% വർദ്ധനവ് 10% ഇളവ് | 102885/16 /29.11.2016 |
| 6 | 264/G | 31.35 | 1087 | 1810 | 723 | 20% വർദ്ധനവ് 10% ഇളവ് | 102887/16 /29.11.2016 |
| 7 | 264/H | 45.85 | 1590 | 2648 | 1058 | 20% വർദ്ധനവ് 10% ഇളവ് | 102888/16 /29.11.2016 |
| 8 | 264/I FF | 5 | 165 | 276 | 111 | 20% വർദ്ധനവ് 10%+5% ഇളവ് | 102889/16 /29.11.2016 |
| 9 | 264/J FF | 9 | 298 | 497 | 199 | 20% വർദ്ധനവ് 10% ഇളവ് | 102890/16 /29.11.2016 |
| 10 | 264/K FF | 13 | 429 | 717 | 288 | 20% വർദ്ധനവ് | 102891/16 /29.11.2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 10% ഇളവ് | |
| 11 | 264/L FF | 14 | 461 | 772 | 311 | 20% വർദ്ധനവ് 10% ഇളവ് | 102892/16 /29.11.2016 |
| 12 | 264/M FF | 13 | 429 | 717 | 288 | 20% വർദ്ധനവ് 10% ഇളവ് | 102893/16 /29.11.2016 |
| 13 | 264/N | 39.26 | 1294 | 2165 | 871 | 20% വർദ്ധനവ് 10% ഇളവ് | 102894/16 /29.11.2016 |
| 14 | 264/O | 60.37 | 1989 | 3328 | 1339 | | 102895/16 /29.11.2016 |
| ആകെ | | 285.91 m2 | 9646 | 16096 | 6450 | | |

ആകെ നഷ്ടം= 20254 രൂപ (9928+3876+6450)

മേൽ പരാമർശിച്ച രീതിയിൽ തെറ്റായി നികുതി നിർണ്ണയം നടത്തിയതിലൂടെയുണ്ടായ 2016-2017 വർഷത്തെ നഷ്ടം 20254/-രൂപ (9928+3876+6450)ഉത്തരാവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(2)-സാംപിൾ പരിശോധനക്ക് വിധേയമാക്കിയ 4 കെട്ടിടങ്ങളുടെ നികുതിയിനത്തിലുണ്ടായ സഞ്ചിതനഷ്ടം -1,26,376/-രൂപ

സമാനമായ വീഴ്ചകൾ മൂലം മുൻവർഷങ്ങളിലെ വസ്തുനികുതി നിർണ്ണയത്തിൽ വലിയ കുറവ് വന്നിട്ടുള്ളതായി സാംപിൾ പരിശോധന നടത്തിയതിൽ നിന്നും വ്യക്തമാണ്.വിശദവിവരം ചുവടെ കൊടുക്കുന്നു.

1.) ഉടമസ്ഥന്റെ പേര് :മാത്തിലെ വളപ്പിൽ നന്ദിനി,(2014-15 ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം)

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഇരുനില കെട്ടിടം

| ക്രമ നം | കെട്ടിട നം/ അസസ്സ്മെന്റ് നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി+ (ഗ്രന്ഥ ശാലവരി 5%) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥ ശാലവരി5%) | വ്യത്യാസം | കുറിപ്പ് | രശീതി നം. തീയ്യതി |
|---|---|---|---|---|---|---|---|
| 1 | 3വാർഡ് 69/A | 43 | 1490 | 2483 | 993 | 20% വർദ്ധനവ് 10% ഇളവ് | സോഫ്റ്റ് വെയറിലെ വിവരം മാത്രമാണ് രശീത് നമ്പർ ലഭ്യമല്ല |
| 2 | 69/B | 43 | 1490 | 2483 | 993 | 20% വർദ്ധനവ് 10% ഇളവ് | |
| 3 | 69/C | 43 | 1490 | 2483 | 993 | 20% വർദ്ധനവ് 10% ഇളവ് | |
| 4 | 69/D | 43 | 1490 | 2483 | 993 | 20% വർദ്ധനവ് 10% ഇളവ് | |
| 5 | 69/E | 44 | 1449 | 2414 | 965 | 20% വർദ്ധനവ് | |

| | | | | | | | |
|---|---|---|---|---|---|---|---|
| | FF | | | | | 10% +5.5%ഇളവ് | |
| 6 | 69/F<br>FF | 44 | 1449 | 2414 | 965 | 20% വർദ്ധനവ്<br>10%+5.5% ഇളവ് | |
| 7 | 69/G<br>FF | 44 | 1449 | 2414 | 965 | 20% വർദ്ധനവ്<br>10%+5.5% ഇളവ് | |
| 8 | 69/H<br>FF | 44 | 1449 | 2414 | 965 | 20% വർദ്ധനവ്<br>10% ഇളവ് | |
| ആകെ | | 348 m2 | | | 7832 | | |

സഞ്ചിതനഷ്ടം=7832*3=23,496/-രൂപ

2) ഉടമസ്ഥന്റെ പേര് : മോടോന്റ വളപ്പിൽ കുട്ടവൻ കണ്ടി റംസീന

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഇരുനില കെട്ടിടം

വസ്തു നികുതി നിർണ്ണയം രസീത് നം 55294/10.05.2011 പ്രകാരം ടാക്സ് ഈടാക്കിയതിന് ശേഷം ഡാറ്റാ എൻട്രി നടത്തുമ്പോൾ വസ്തു നികുതി ചട്ടങ്ങൾ പ്രകാരം പ്ലിന്ത് ഏരിയക്ക പകരം ARV പ്രകാരം എൻട്രി നടത്തിയതിനാൽ നികുതി ഈടാക്കിയതിൽ വലിയ കുറവ് സംഭവിച്ചിട്ടുണ്ട്.

| ക്രമ നം | കെട്ടിട നം/ അസസ്സ്മെന്റ് നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി+ (ഗ്രന്ഥ ശാലവരി 5%) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥ ശാലവരി5%) | വ്യത്യാസം | കുറിപ്പ് | രശീതി നം. തീയ്യതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 13വാർഡ് 383/B | 30 | 399 | 1733 | 1334 | 20% വർദ്ധനവ് 10% ഇളവ് | 55294/71 10.05.2011 |
| | 383/c | 30 | 399 | 1733 | 1334 | 20% വർദ്ധനവ് 10% ഇളവ് | 55294/71 10.05.2011 |
| 3 | 383/D | 30 | 399 | 1733 | 1334 | 20% വർദ്ധനവ് 10% ഇളവ് | 55294/71 10.05.2011 |
| 4 | 383/E | 25 | 399 | 1444 | 1044 | 20% വർദ്ധനവ് 10% ഇളവ് | 55294/71 10.05.2011 |
| 5 | 383/F | 25 | 399 | 1444 | 1044 | 20% വർദ്ധനവ് 10% ഇളവ് | 55294/71 10.05.2011 |
| 6 | 383/G | 20 | 399 | 1155 | 756 | 20% വർദ്ധനവ് 10% ഇളവ് | 55294/72 10.05.2011 |
| 7 | 383/H | 20 | 399 | 1155 | 756 | 20% വർദ്ധനവ് 10% ഇളവ് | 55294/72 10.05.2011 |
| 8 | 383/I | 20 | 399 | 1155 | 756 | 20% വർദ്ധനവ് 10% ഇളവ് | 55294/72 10.05.2011 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | 383/J | 20 | 399 | 1155 | 756 | 20% വർദ്ധനവ് 10% ഇളവ് | 55294/72 10.05.2011 |
| 10 | 383/K | 20 | 399 | 1155 | 756 | 20% വർദ്ധനവ് 10% ഇളവ് | 55294/72 10.05.2011 |
| 11 | 383/L | 20 | 399 | 1155 | 756 | 20% വർദ്ധനവ് 10% ഇളവ് | 55294/72 10.05.2011 |
| 12 | 383/M FF | 20 | 399 | 1098 | 699 | 20% വർദ്ധനവ് 10%+5.5% ഇളവ് | 55294/72 10.05.2011 |
| 13 | 383/N FF | 20 | 380 | 1098 | 718 | 20% വർദ്ധനവ് 10% +5.5%ഇളവ് | 55294/72 10.05.2011 |
| 14 | 383/O FF | 20 | 380 | 1098 | 718 | 20% വർദ്ധനവ് 10% +5.5%ഇളവ് | 55294/72 10.05.2011 |
| 15 | 383/P FF | 20 | 399 | 1098 | 699 | 20% വർദ്ധനവ് 10% +5.5%ഇളവ് | 55294/72 10.05.2011 |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | 383/Q<br>FF | 20 | 380 | 1098 | 718 | 20% വർദ്ധനവ്<br>10% +5.5%ഇളവ് | 55294/72<br>10.05.2011 |
| 17 | 383/R<br>FF | 20 | 380 | 1098 | 718 | 20% വർദ്ധനവ്<br>10% +5.5%ഇളവ് | 55294/72<br>10.05.2011 |
| 18 | 383/S<br>FF | 20 | 380 | 1098 | 718 | 20% വർദ്ധനവ്<br>10%+5.5% ഇളവ് | 55294/72<br>10.05.2011 |
| | ആകെ | | | | 15614 | | |

സഞ്ചിതനഷ്ടം=15,614 x 5 = 78070/-രൂപ

3) ഉടമസ്ഥന്റെ പേര് :തോലൻ മുഹമ്മദലി,

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഇരുനില കെട്ടിടം

| ക്രമ നം | കെട്ടിട നം/ അസസ്സ്മെന്റ് നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി+ (ഗ്രന്ഥ ശാലവരി 5%) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥ ശാലവരി 5%) | വ്യത്യാസം | കുറിപ്പ് | രശീതി നം. തീയ്യതി |
|---|---|---|---|---|---|---|---|
| 1 | 7വാർഡ്<br>231 /A | 30 | 1064 | 1733 | 669 | 20% വർദ്ധനവ് | 11403100704/<br>02.07.2014 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 10% ഇളവ് | |
| 2 | 231 /B | 33 | 1170 | 1906 | 736 | 20% വർദ്ധനവ് 10% ഇളവ് | 1403100704/ 02.07.2014 |
| 3 | 231 /C | 33 | 1170 | 1906 | 736 | 20% വർദ്ധനവ് 10% ഇളവ് | 1403100704/ 02.07.2014 |
| 4 | 231 /D | 17 | 603 | 982 | 379 | 20% വർദ്ധനവ് 10% ഇളവ് | 1403100704/ 02.07.2014 |
| 5 | 231 /E | 29 | 1028 | 1675 | 647 | 20% വർദ്ധനവ് 10% ഇളവ് | 1403100704/ 02.07.2014 |
| 6 | 231 /F FF | 30 | 989 | 1646 | 657 | 20% വർദ്ധനവ് 10% +5.5%ഇളവ് | 1403100704/ 02.07.2014 |
| 7 | 231 /G FF | 33 | 1087 | 1811 | 724 | 20% വർദ്ധനവ് 10% +5.5%ഇളവ് | 1403100704/ 02.07.2014 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | 231 /H<br>FF | 33 | 1087 | 1811 | 724 | 20%<br>വർദ്ധനവ്<br>10%+5.5%<br>ഇളവ് | 1403100704/<br>02.07.2014 |
| 9 | 231 /I<br>FF | 17 | 560 | 933 | 373 | 20%<br>വർദ്ധനവ്<br>10%<br>+5.5%ഇളവ് | 1403100704/<br>02.07.2014 |
| 10 | 231 /J<br>FF | 29 | 956 | 1591 | 635 | 20%<br>വർദ്ധനവ്<br>10%+5.5%<br>ഇളവ് | 1403100704/<br>02.07.2014 |
| | ആകെ | | | | 6280 | | |

സഞ്ചിതനഷ്ടം=6280*2=12,560

4) ഉടമസ്ഥന്റെ പേര് : മോടോന്റെ വളപ്പിൽ കുട്ടുവൻ കണ്ടി റംസീന (2013-14 ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം)

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഇരുനില കെട്ടിടം

സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ ബേസ് എൻട്രി നടത്തിയതിന് ശേഷം ഫോം 6 അപ്രൂവ് ചെയ്യാത്തതിനാൽ രജിസ്റ്റർ പ്രകാരമുള്ള വിവരമാണ് ചേർത്തിട്ടുള്ളത്

| ക്രമ നം | കെട്ടിട നം/ അസസ്സ്മെന്റ് നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി+ (ഗ്രന്ഥ ശാലവരി 5%) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥ ശാലവരി5%) | വ്യത്യാസം | കുറിപ്പ് | രശീതി നം. തീയ്യതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 16വാർഡ് 74/A | 15.87 ARV 9600 | 635 | 916 | 281 | 20% വർദ്ധനവ് 10% ഇളവ് | രശീത് നം ലഭ്യമല്ല |
| 2 | 16വാർഡ് 74/B | 15.87 ARV 9600 | 635 | 916 | 281 | 20% വർദ്ധനവ് 10% ഇളവ് | |
| 3 | 74/C | 15.87 ARV 9600 | 635 | 916 | 281 | 20% വർദ്ധനവ് 10% ഇളവ് | |
| 4 | 74/D | 15.87 ARV 9600 | 635 | 916 | 281 | 20% വർദ്ധനവ് 10% ഇളവ് | |
| 5 | 74/E | 15.87 ARV 9600 | 635 | 916 | 281 | 20% വർദ്ധനവ് 10% ഇളവ് | |
| 6 | 74/F | 15.87 ARV 4800 | 318 | 871 | 553 | 20% വർദ്ധനവ് 10%+5.5% ഇളവ് | |
| 7 | 74/G | 15.87 | 318 | 871 | 553 | 20% | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ARV 4800 | | | | വർദ്ധനവ് 10%+5.5% ഇളവ് | |
| 8 | 74/H | 15.87 ARV 4800 | 318 | 871 | 553 | 20% വർദ്ധനവ് 10%+5.5% ഇളവ് | |
| 9 | 74/I | 15.87 ARV 4800 | 318 | 871 | 553 | 20% വർദ്ധനവ് 10%+5.5% ഇളവ് | |
| 10 | 74/J | 15.87 ARV 4800 | 318 | 873 | 553 | 20% വർദ്ധനവ് 10%+5.5% ഇളവ് | |
| | ആകെ | | | | 4170 | | |

സഞ്ചിതനഷ്ടം=4170*3=12,510/-രൂപ

ആകെ സഞ്ചിതനഷ്ടം=1,26,636/-രൂപ (23,496+78070+12,560+12,510)

സാംപിൾ പരിശോധനക്ക് വിധേയമാക്കിയ 4 കെട്ടിടങ്ങളുടെ നികുതിയിൽ മേൽ സൂചിപ്പിച്ച പ്രകാരം വലിയ കുറവ് വന്നിട്ടുള്ളതായി വ്യക്തമാണ്. ഈ നാല് കെട്ടിടങ്ങളുടെ നികുതിയിനത്തിൽ മാത്രം പഞ്ചായത്തിനുണ്ടായ സഞ്ചിതനഷ്ടം 1,26,636/-(23,496+78070+12,560+12,510) രൂപയാണ്. ആയതിനാൽ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പരിഷ്കരണം പു:നപരിശോധിച്ച് നഷ്ടമായ തുക ഈടാക്കേണ്ടതാണ്.നികുതി പരിഷ്കരണത്തിലുണ്ടാകുന്ന വീഴ്ചകളുടെ ഫലമായി നികുതിയിനത്തിലുണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറിയും വസ്തുനികുതി പരിഷ്കരണത്തിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും

ഉത്തരവാദികളാണ്. മേൽ സൂചിപ്പിച്ച പ്രകാരം നികുതി പുനർനിർണ്ണയിച്ച് ഈടാക്കാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 സർക്കാർ അംഗീകാരമില്ലാത്ത സ്കൂളുകളിൽ നിന്ന് വസ്തു നികുതി ഈടാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും അത്തരം സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും മാത്രമാണ് വസ്തു നികുതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. മാട്ടൂൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (ഉദാഹരണം താഴെ കൊടുക്കുന്നു) ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും ഹയർ സെക്കണ്ടറി തലത്തിന് മുകളിലുള്ള വിദ്യാഭ്യാസ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്നും വസ്തു നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 33/ 15-07-2017 )

1. 1 )ഇനാത്തുൾ ഇസ്ലാം ഇംഗ്ലീഷ് മീഡിയം സ്കൂൾ,മടക്കര

   2)സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം ,മാട്ടൂൽ നോർത്ത്

## 2-4 അനധികൃത കെട്ടിടങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപ നികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എഎ വകുപ്പ് എന്നിവ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ നിയമാനുസൃത നിർമ്മാണത്തിനു നൽകേണ്ടി വരുമായിരുന്ന വസ്തു നികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പ്രത്യേക നമ്പർ നൽകിയിട്ടുണ്ട്.എന്നാൽ പരിശോധനക്ക് ഹാജരാക്കിയ കെട്ടിടങ്ങൾക്ക് താൽക്കാലികമായി നമ്പർ നല്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ താൽക്കാലികമായി പ്രത്യേക നമ്പർ നൽകിയ കെട്ടിട ഉടമകളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരമുള്ള നിരക്കിൽ നികുതി ഡിമാന്റ് ചെയ്യാതെ നിയമാനുസൃത നിർമ്മാണത്തിന് ബാധകമായ നിരക്കിൽ മാത്രമാണ് വസ്തുനികുതി ഡിമാന്റ് ചെയ്തത്. (ഉദാഹരണം ചുവടെ കൊടുക്കുന്നു രജിസ്റ്റർ പ്രകാരം ലഭ്യമായവിവരങ്ങൾ ) ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കുകയുണ്ടായില്ല.(നമ്പർ 34/15 .07-2017)

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ ഡിമാന്റ് ചെയ്തത് മൂലം ഗ്രാമപഞ്ചായത്തിന് മുൻ വർഷങ്ങളിൽ നഷ്ടമുണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | വാർഡ് നമ്പർ /കെട്ടിട നമ്പർ | പേര് | ഈടാക്കിയ നികുതി | രശീത് നമ്പർ |
|---|---|---|---|---|
| 1 | VII 197A | ഇട്ടമ്മൽ ഹസ്സൻ | 199 | 25810/27<br>31.07.2004 |
| 2 | VII 197B | ഇട്ടമ്മൽ ഹസ്സൻ | 199 | 25810/27<br>31.07.2004 |
| 3 | VII 197C | ഇട്ടമ്മൽ ഹസ്സൻ | 80 | 25810/27<br>31.07.2004 |
| 4 | VII 197D | ഇട്ടമ്മൽ ഹസ്സൻ | 80 | 25810/27<br>31.07.2004 |
| 5 | VII 197E | ഇട്ടമ്മൽ ഹസ്സൻ | 80 | 25810/27<br>31.07.2004 |
| 6 | VII 197F | ഇട്ടമ്മൽ ഹസ്സൻ | 280 | 25810/27<br>31.07.2004 |

## 2-5 തൊഴിൽ നികുതി - ഡിമാന്റ് ചെയ്യുന്നതിലെയും ഈടാക്കുന്നതിലെയും അപാകങ്ങൾ

2016-17 വർഷം മാട്ടൂൽ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട ഫയലുകളുടെയും രേഖകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങുന്ന സ്ഥാപന രജിസ്റ്റർ, പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും പേര് വിവരങ്ങൾ, ഒടുക്കിയ തൊഴിൽ നികുതി എന്നിവ അടങ്ങിയ ട്രേഡേഴ്സ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2016-17 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

a) നോർത്ത് മാപ്പിള യു.പി. സ്കൂളിലെ 13 ജീവനക്കാരിൽ നിന്നും 2016-17 ൽ 2-ാം അർദ്ധ വർഷം 16250/- രൂപ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും 1-ാം അർദ്ധ വർഷം നികുതി

ഈടാക്കിയിട്ടില്ല.

b)മാട്ടൂൽ കള്ള് ഷാപ്പിലെ ജീവനക്കാരിൽ നിന്നും 2015-16-ലെ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും 2016-17 വർഷം നികുതി ഈടാക്കിയിട്ടില്ല. ജീവനക്കാർ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണോ എന്ന് പരിശോധന നടത്തി നടപടികൾ സ്വീകരിച്ചിട്ടില്ല.

c)മാട്ടൂൽ ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ ജീവനക്കാരിൽ നിന്നും 2016-17 2-ാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3.ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന താഴെപ്പറയുന്ന തരത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളിൽ ടേൺ ഓവർ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

a)ഇറച്ചി വില്പന

b)റേഷൻ കടകൾ

c)സ്വകാര്യ ഹോമിയോ/ആയുർവേദ/അലോപ്പതി ക്ലിനിക്കുകൾ/ഹെൽത്ത് ക്ലിനിക്കുകൾ

d)അക്ഷയ കേന്ദ്രങ്ങൾ

e)എം ആർ യു.പി.എസ്, മാട്ടൂൽ.

f)മാട്ടൂൽ ദേവി വിലാസം എൽ പി സ്കൂൾ

g)ഇനാത്തുൾ ഇസ്ലാം ഇംഗ്ലീഷ് മീഡിയം സ്കൂൾ,മടക്കര

h)സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം മാട്ടൂൽ നോർത്ത്

മേൽ അപാകങ്ങൾക്ക് വിശദീകരണം ഹാജരാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (ഓഡിറ്റ് അന്വേഷണം നമ്പർ 22/14.04.17 ,32/15.07.17 ) മറുപടി ഹാജരാക്കുകയുണ്ടായില്ല.

പഞ്ചായത്ത് പരിധിയിലുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴവൻ ആളുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ് ചുമത്തുന്നതിലെ അപാകങ്ങൾ

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ പുതിയ സ്ഥാപനങ്ങൾ സംരംഭം ആരംഭിക്കുന്നതിന് മുമ്പായി ലൈസൻസിനുള്ള അപേക്ഷ പഞ്ചായത്തിൽസമർപ്പിക്കേണ്ടതും സമർപ്പിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടത്തി ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ലൈസൻസ് അനുവദിക്കുന്നത്/നിരാകരിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് അപേക്ഷയിലും രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ പ്രകാരം

2016-17 വർഷം 180 അപേക്ഷകൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ ബന്ധപ്പെട്ട നിയമപരമായ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ വേണ്ട ശ്രദ്ധ ചെലുത്തിയതായി കാണുന്നില്ല. ഡി & ഒ ലൈസൻസ് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയതു മായി ബന്ധപ്പെട്ട് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം 180 അപേക്ഷകളാണ് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത് ആയതിൽ ക്രമ നമ്പർ 1 , 2, 4 മുതൽ 60 വരെ, 62 മുതൽ 76 വരെ,78 മുതൽ 103 വരെ, 105മുതൽ 111 വരെ, 116,117,118, 127, 148, 153,154,158, 160,161,163,164,175 പ്രകാരമുള്ള 121 അപേക്ഷകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അന്വേഷണം നടത്തി തീരുമാനമെടുത്ത അപേക്ഷകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട പരിശോധന നടത്താൻ സാധിച്ചിട്ടില്ല.അപേക്ഷകൾ പൂർണ്ണമായും പരിശോധനക്ക് ഹാജരാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്.

2)മാട്ടൂൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴവൻ വ്യാപാരികളുടെയും വ്യവസായികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പേര് വിവരങ്ങളടങ്ങിയ വാർഡ് തലത്തിൽ തയ്യാറാക്കിയ രജിസ്റ്റർ (ട്രേഡേർസ് ലിസ്റ്റ്) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന മുഴവൻ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ ഉൾപ്പെട്ട രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ് .

3). ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയതു മായി ബന്ധപ്പെട്ട് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവന്നിരുന്ന താഴെപ്പറയുന്ന തരത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷം ഡി & ഒ ലൈസൻസ് ഈടാക്കിയിട്ടില്ല. മുഴവൻ സ്ഥാപനങ്ങളിൽ ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1.ഇറച്ചി വില്പന കേന്ദ്രങ്ങൾ

2.റേഷൻ കടകൾ

3.സ്വകാര്യ ഹോമിയോ/ആയുർവേദ/അലോപ്പതി ക്ലിനിക്കുകൾ/ഹെൽത്ത് ക്ലിനിക്കുകൾ

4.അക്ഷയ കേന്ദ്രങ്ങൾ

5.കള്ള് ഷാപ്പുകൾ

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

4. <u>അപേക്ഷകളിൽ അന്വേഷണം നടത്താതെ ലൈസൻസ് ഫീസ് ഈടാക്കുന്നത് ശരിയല്ല.</u>

10-1-2013 ലെ 66562/RC3/12/ത.സ്വ ഭ വ നമ്പർ സർക്കുലർ പ്രകാരം ലൈസൻസ് പുതുക്കുന്നതിലേക്കായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിൻമേലും ഹെൽത്ത് ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തി അതു സംബന്ധിച്ച വിവരം പേഴ്സണൽ റജിസ്റ്ററിൽ രേഖപ്പെടുത്തണമെന്ന് എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.എന്നാൽ മാട്ടൂൽ പഞ്ചായത്തിൽ മേൽ ആവശ്യത്തിലേക്കായി സമർപ്പിക്കുന്ന ഭൂരിഭാഗം അപേക്ഷകളിൻമേലും ഇത്തരം അന്വേഷണം നടത്തിയതിന്റെ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. റിപ്പോർട്ട് രേഖപ്പെടുത്താതെയും പ്രതിദിന

വിറ്റുവരവ് കണക്കാക്കാതെയും ലൈസൻസ് ഫീസ് ഈടാക്കിയത് ശരിയായ നടപടിയല്ല.

2016-17ൽ ലഭിച്ച 180 അപേക്ഷകളിൽ പരിശോധനക്ക് ഹാജരാക്കിയ അപേക്ഷകളിൽ വളരെ ചുരുക്കം എണ്ണത്തിൽ മാത്രമേ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തി കാണുന്നുള്ളൂ. ലൈസൻസ് ഫീസായി ഈടാക്കേണ്ട തുക സംബന്ധിച്ചുള്ള വിവരം മാത്രമാണ് അന്വേഷണ റിപ്പോർട്ടിന്റെ കോളത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണമായി ചുവടെ പട്ടികയിൽ കൊടുത്ത തരത്തിലുള്ള അപേക്ഷകളിന്മേൽ അന്വേഷണം നടത്താതെയും പ്രതിദിന വിറ്റുവരവ് രേഖപ്പെടുത്താതെയും ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചത് ഏത് മാനദണ്ഡപ്രകാരമാണ് എന്ന് വ്യക്തമാവുന്നില്ല.

| രജിസ്റ്ററിലെ ക്രമ നം | അപേക്ഷകന്റെ പേര് | ലൈസൻസിന്റെ ആവശ്യം | ഈടാക്കിയ ഫീസ് |
|---|---|---|---|
| 61 | ടി.വി. ഖദീജ | ഫ്ലവർ മിൽ | 200+100 |
| 77 | നൂറുദ്ദീൻ വി,വി | കൂൾ ബാർ &ഫാസ്റ്റ് ഫുഡ് | 500 |
| 133 | വി.മണി | ആയുർവേദ ഫാർമസി | 100 |
| 156 | അബ്ദുൾ റസാഖ്. കെ | മശ്ഹൂൽ ഫാമിലി റസ്റ്റോറന്റ് | 100 |
| 157 | പി.പി അബ്ദുൾ റഹ്മാൻ | ഷാൻ കൂൾ ബാർ | 100+25 |
| 168 | നബീൽ ഖാലിദ്.പി.എം | സൂപ്പർ മാർക്കറ്റ് | 50+125 |

അപേക്ഷകളിന്മേൽ ശരിയായ അന്വേഷണം നടത്തി പ്രതിദിന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
5.വിതരണം ചെയ്ത ലൈസൻസുകളുടെ വിവരം-

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 24(vi) പ്രകാരം ലൈസൻസ് നൽകപ്പെട്ട സ്ഥലത്ത് എല്ലാവരും കാണത്തക്ക വിധത്തിലുള്ള, ഒരു ഭാഗത്ത് ലൈസൻസുകാരൻ തന്റെ പേരും ലൈസൻസിന്റെ നമ്പരും ഉദ്ദേശ്യവും കാണിക്കുന്ന ഒരു അടയാളപ്പലക വച്ചിരിക്കേണ്ടതാണ്. ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട് എന്നും ആയതിൽ എത്ര എണ്ണം വിതരണം ചെയ്തിട്ടുണ്ട് എന്നും രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

6.സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ലൈസൻസ് നൽകിയത്.

സർക്കാരിന്റെ 16-03-2007 ലെ GO(P) 795/07/തസ്വഭവ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചത് പ്രകാരം സ്ഥലനാമം രേഖപ്പെടുത്തുകയോ പ്ളാസ്റ്റിക്ക് ഉപയോഗം സംബന്ധിച്ച സംസ്ഥാനമലിനീകരണനിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പാലിക്കുമെന്ന സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്യാതെയാണ് ലൈസൻസ് അനുവദിച്ചുവരുന്നത്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/ തീയ്യതി : 14-07-2017) മറുപടി ഹാജരാക്കിയിട്ടില്ല.

## 2-7 പാരാമെഡിക്കൽ രജിസ്ട്രേഷൻ- രേഖകളും രജിസ്റ്ററും ഹോജരാക്കിയില്ല

1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രി കളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരം 2016-17 വർഷം രജിസ്ട്രേഷൻ നടത്തിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ, രജിസ്ട്രേഷന് ലഭിച്ച അപേക്ഷകൾ എന്നിവ പരിശോധനക്ക് ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 20/14.07.17 നൽകിയെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ എത്ര സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയെല്ലാം ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിച്ച് വരുന്നുണ്ടോയെന്നും പരിശോധിക്കുവാനും സാധിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന മുഴുവൻ സ്വകാര്യ ആശുപത്രി കളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട തുക ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല.

2015-2016,2016-17വർഷങ്ങളിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും നാളിതുവരെയായും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫോറം വില ഇനത്തിലുള്ള തുക ലഭ്യമാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 1050000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ പേര് | 137/17 ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ |

| | | |
|---|---|---|
| അടങ്കൽ | 10,50,000 | 25000 വികസന ഫണ്ട് ജനറൽ |
| | | 1025000വികസന ഫണ്ട് എസ്,സി.പി. |
| ചെലവ് | 5/25-02-2017 | 300000 |
| | 6/25-02-2017 | 375000 |
| | 8/30-03-2017 | 350000 |
| | 9/30-03-2017 | 25000 |

പ്രോജക്ട് പ്രകാരം 3 പേർക്ക് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനായി 10,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ജി.ഒ(എം.എസ്)4/2016/ത.സ്വ.ഭ.വ. തീയതി 11-01-2016 അനുബന്ധം 15 ഖണ്ഡിക 3.6.3 പ്രകാരം സ്ഥലത്തിന് അപേക്ഷിക്കുന്ന ഭാര്യയും ഭർത്താവും വാങ്ങുന്ന സ്ഥലം ഭാര്യയുടെയും ഭർത്താവിന്റെയും പേരിൽ രജിസ്റ്റർ ചെയ്തുവാങ്ങണം. എന്നാൽ തുക അനുവദിച്ചത് അപേക്ഷകന്റെ/അപേക്ഷകയുടെ പേരിൽ മാത്രമാണ് ആധാരം രജിസ്റ്റർ ചെയ്തത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പേര് | തുക അനുവദിച്ചത് | രജിസ്റ്റർ ചെയ്തത് |
|---|---|---|
| ഷെർലി കല്ലേൻ | 300000 | ഷെർലി കല്ലേൻ |
| കല്ലേൻ യമുന | 375000 | കല്ലേൻ യമുന |
| പ്രകാശൻ മിനിയാടൻ | 375000 | പ്രകാശൻ മിനിയാടൻ |

ഇതിൽ കല്ലേൻ യമുന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാലും ഗ്രാമസഭ തെരെഞ്ഞെടുക്കാത്ത ഗുണഭോക്താവിന് ആനുകൂല്യം നല്കിയതിനാലും 1050000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഇത് സംബന്ധിച്ച് നല്കിയി ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം.5-6/07/2017).

## 3-2 <u>പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 125000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ പേര് | 138/17 ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ | |
| അടങ്കൽ | 1250000 | വികസന ഫണ്ട് എസ്,സി.പി. |
| ചെലവ് | 7/29-03-2017 | 125000 |
| പേര് | അനുവദിച്ച തുക | |
| ഉഷ.എം | 50000 | |
| പ്രീയേഷ് | 75000 | |

പ്രോജക്ട് പ്രകാരം 2 പേർക്ക് പഠനമുറി നിർമ്മിക്കാൻ 125000 രൂപ അനുവദിച്ചിട്ടുണ്ട്. ജി.ഒ(ആർ.ടി)626/2016/ത.സ്വ.ഭ.വ. തീയതി 15-02-2016 പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ധനസഹായം അനുവദിച്ചത്.

1- വിദ്യാർത്ഥികൾക്കായിരിക്കണം പഠനമുറി നിർമ്മിച്ച് നല്കേണ്ടത്. എന്നാൽ വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2- നിർമ്മിക്കുന്ന പഠനമുറിയ്ക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണം ഉണ്ടായിരിക്കണം. എന്നാൽ നിർമ്മിക്കുന്ന പഠന മുറിയുടെ പ്ലാൻ ഹാജരാക്കിയിട്ടില്ല.

3- ബന്ധപ്പെട്ട എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി മെഷർമെന്റ് എടുക്കണമെന്ന വ്യവസ്ഥ പാലിക്കാതെ വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെ മാത്രം അടിസ്ഥാനത്തിലാണ് തുക നല്കിയത്.

മേൽ അപാകങ്ങൾ കാരണം 125000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.7-6/07/2017).

## 3-3 സ്കൂൾ ഡയറി വിതരണം സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 42300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | ഹെഡ്മാസ്റ്റർ. |
| പ്രോജക്ട് നമ്പർ പേര് | 32/17 സ്കൂൾ ഡയറി വിതരണം | |

| | | |
|---|---|---|
| അടങ്കൽ | 52500 | വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | 2/22-12-2016 | 42300 |

പ്രോജക്ട് പ്രകാരം 2500 ഡയറി അച്ചടിച്ച് സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

സ.ഉ.(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ. തിയ്യതി.11.1.16 ഭാഗം 4ഖ.11.6.v പ്രകാരം അദ്ധ്യാപക പരിശീലനങ്ങൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി മറ്റ് പഠനസാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ വരുന്ന പ്രവർത്തനങ്ങൾ ആയതിനാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മുമ്പ് സർക്കാർ അനുമതി വാങ്ങിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ അനുമതി വാങ്ങാതെയാണ് ഡയറി വിതരണം നടത്തിയത്. സ്കൂൾ ഡയറി വിതരണം ചെയ്യേണ്ടത് അധ്യായന വർഷാരംഭത്തിലാണ്. അധ്യായന വർഷം അവസാന പാദത്തലാണ് (12/2016). സ്കൂൾ ഡയറി വിതരണം ചെയ്തത്. അതുകൊണ്ട് തന്നെ വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചില്ല. അപാകങ്ങൾ കാരണം 42300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് ഓഡിറ്റ് അന്വേഷണം നം.8/12-07-2017 ന് പ്രോജക്ട് വിദ്യാർത്ഥികളുടെ അക്കാദമിക്ക് നിലവാരം ഉയർത്തുന്നതിനും, അധ്യാപകരും രക്ഷിതാക്കളും തമ്മിൽ നല്ല ബന്ധം ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി.

## **3-4** നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണ കിറ്റ് നല്കൽ അപാകങ്ങൾ- **10767** രൂപ നിരാകരിക്കുന്നു. **215308** രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | ഹെഡ്മാസ്റ്റർ. |
| പ്രോജ്കട് നമ്പർ പേര് | 32/17 നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണ കിറ്റ് നല്കൽ | |
| അടങ്കൽ | 230000 | തനത് ഫണ്ട് |
| ചെലവ് | 597162/13-12-2016 | 226075 |

പ്രോജക്ട് പ്രകാരം നോട്ട് പുസ്തകങ്ങൾ,ഇൻസ്ട്രുമെന്റ് ബോക്സ്, പേന, പെൻസിൽ,സ്ലേറ്റ് എന്നിവ വിതരണം ചെയ്യലാണ് ഉദ്ദേശിച്ചത്. സ.ഉ.(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ. തിയ്യതി.11.1.16 ഭാഗം 4ഖ.11.6.v പ്രകാരം അദ്ധ്യാപക പരിശീലനങ്ങൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി മറ്റ് പഠനസാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ വരുന്ന പ്രവർത്തനങ്ങൾ ആയതിനാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മുമ്പ് സർക്കാർ അനുമതി വാങ്ങിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത പഠനോപകരണ കിറ്റ് വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതി വാങ്ങിയിട്ടില്ല. നിർധനരായ വിദ്യാർത്ഥികളെ

തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. സ്കൂൾ അധികാരികൾ പഠനോപകരണ കിറ്റ് കൈപ്പറ്റിയതിന്റെ രശീത് മാത്രമാണ് ഹാജരാക്കിയത്. കിറ്റ് കൈപ്പറ്റിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. 2016-17 അധ്യായന വർഷം അവസാനിക്കാറാവുമ്പോഴാണ് (12/2016-ൽ) പഠനോപകരണ കിറ്റ് വിതരണം ചെയ്തത്. കിറ്റിൽ ഉൾപ്പെട്ട മിക്ക സാധനങ്ങളും അധ്യായന വർഷാരംഭത്തിൽ തന്നെ വിദ്യാർത്ഥികൾക്ക് ആവശ്യം വരുന്നതിനാൽ ഇതിന്റെ പ്രയോജനം വിദ്യാർത്ഥികൾക്ക് ലഭിക്കാത്ത സാഹചര്യമാണുണ്ടായത്.

പഠനസാമഗ്രികൾ വാങ്ങിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

പ്രോക്യുയർമെന്റ് കമ്മിറ്റിയുടെ 03-11-2016 ലെ III/2016-17 തീരുമാനപ്രകാരം മുഴുവൻ സാധനങ്ങളുടെയും സ്പെസിഫിക്കേഷൻ പ്രകാരമുള്ള വില ക്വാട്ട്ചെയ്ത മലബാർ പ്രിന്റേർസ്, പയ്യന്നൂരാണെന്നും സാധനങ്ങൾ ഗുണമേന്മയുള്ളതും വിലകുറവുള്ളതാണെന്നും ബോധ്യമായെന്നും മിനറ്റ്സ് ചെയ്തിട്ടുണ്ട്. എന്നാൽ സയന്റിഫിക്ക് സോലൂഷ്യൻ കാഞ്ഞങ്ങാട് ക്വാട്ട്ചെയ്ത തുക മലബാർ പ്രിന്റേർസ്, ക്വാട്ട് ചെയ്തതിലും കുറവാണ്. മലബാർ പ്രിന്റേർസ്, പയ്യന്നൂരിന്റെ കിറ്റ് ഗുണ നിലവാരം കൂടിയതാണെന്ന് തെളിയിക്കുന്ന യാതൊരു രേഖപ്പെടുത്തലും മിനറ്റ്സിൽ ഇല്ല. കുറഞ്ഞതുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയത് കാരണം പഞ്ചായത്തിന് 39374 രൂപ അധികചെലവ് ഉണ്ടായിട്ടുണ്ട്. കൂടാതെ മലബാർ പ്രിന്റേർസ്, പയ്യന്നൂർ ക്വാട്ട് ചെയ്ത നിരക്കിലും 5% വാറ്റ് അധികം നല്കിയത് കാരണം 10767 രൂപ അധികം നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | മലബാർ പ്രിന്റേർസ്, പയ്യന്നൂർ ക്വാട്ട് ചെയ്ത നിരക്ക് | സയന്റിഫിക്ക് സോലൂഷ്യൻ കാഞ്ഞങ്ങാട് ക്വാട്ട് ചെയ്ത നിരക്ക് | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | നോട്ട് ബുക്ക് 200 പേജ് വരയുള്ളത് | 3164 | @20.95<br>66285.80 | @18<br>56952 | 9333.90 |
| 2 | നോട്ട് ബുക്ക് 200 പേജ് വരയില്ലാത്തത് | 1018 | @20.95<br>21327.10 | @18<br>18324 | 3003.10 |
| 3 | നോട്ട് ബുക്ക് 100 പേജ് വരയുള്ളത് | 2154 | @12.38<br>26666.52 | @11<br>23694 | 2972.52 |
| 4 | നോട്ട് ബുക്ക് 100 പേജ് വരയില്ലാത്തത് | 718 | @12-38<br>8888.84 | @11<br>7898 | 990.84 |

| | | | | | |
|---|---|---|---|---|---|
| 5 | സ്ലെയിൽ | 718 | @11.43<br>8206.74 | @8.3<br>5959.40 | 2247.34 |
| 6 | പെൻ | 718 | @4.76<br>3417.68 | @3.45<br>2477.10 | 940.58 |
| 7 | ഇൻസ്ട്രുമെന്റ് ബോക്സ് | 300 | @85.71<br>25713 | @98<br>29400 | - |
| 8 | സ്ലേറ്റ് | 410 | @48.57<br>19913.70 | @37.40<br>15334 | 4579.70 |
| 9 | ഡ്രോയിംഗ് ബുക്ക് | 410 | @19.05<br>7810.50 | @20.80<br>8528 | (-)717.50 |
| 10 | പെൻസിൽ ബോക്സ് | 410 | @28.57<br>11713.70 | @23<br>9430 | 2283.70 |
| 11 | സ്ലേറ്റ് പെൻസിൽ | 410 | @10.48<br>4296.80 | - | - |
| 12 | ക്രയോൺസ് | 828 | @9.52<br>7882.56 | @7.40<br>6127.20 | 1755.36 |
| 13 | ഇറേസർ | 418 | @2.86<br>1195.48 | @1.80<br>752.40 | 443.08 |
| 14 | പെൻസിൽ | 418 | @4.76<br>1989.68 | @2.90<br>1212.20 | 777.48 |

| | | | | | |
|---|---|---|---|---|---|
| | | | 215308.10 | | 28607 |
| | വാറ്റ് 5% | | 10766.61 | | 10767 |
| | ആകെ | | 226075 | | 39374 |

ക്വാട്ട് ചെയ്ത നിരക്കിലും 5% വാറ്റ് അധികം നല്കിയത് കാരണം 10767രൂപ അധികം നല്കിയതിന് വിശദീകരണം നല്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/12-07-2017) അധികം നല്കിയ 10767/- രൂപ തിരികെ ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. 10767 രൂപയുടെ ചെലവ് നിരാകരിക്കുന്നു. 215308 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 എസ്.എസ്.എ.വിഹിതം നല്കൽ അപാകങ്ങൾ 600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | ഹെഡ്മാസ്റ്റർ. |
| പ്രോജക്ട് നമ്പർ പേര് | 35/17 എസ്.എസ്.എ.വിഹിതം നല്കൽ | |
| അടങ്കൽ | 600000 | വികസനഫണ്ട് |
| ചെലവ് | 1/24-10-2016 | 600000 |

ഈ പ്രോജക്ട് പ്രകാരം 600000 രൂപ എസ്.എസ്.എ.വിഹിതമായി പ്രോജക്ട് ഡയറക്ടർ സർവ്വശിക്ഷ അഭിയാൻ നല്കിയിട്ടുണ്ട്. സ.ഉ.(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ. തിയ്യതി.11.1.16 ഭാഗം 4ഖ.11.6.ii പ്രകാരം വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ പങ്കാളിത്തത്തോടെ തദ്ദേശസ്വയം ഭരണ സ്ഥാപനവും ചേർന്നാണ് അതാത് തലത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതെന്നും തയ്യാറാക്കുന്ന പ്രോജക്ട് തദ്ദേശഭരണ സ്ഥാപന ഭരണസമിതി അംഗീകരിക്കുകയും പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പ്രോജക്ട് തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനത്തിന് യാതൊരു പങ്കാളിത്തവും ഉണ്ടായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അപാകങ്ങൾ കാരണം 600000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കൽ - ഇൻസ്റ്റാലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. 210000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 19/17 വിവിധ സ്ഥലങ്ങളിൽ എൽ.ഇ.ഡി. തെരുവ് വിളക്ക് |

| പേര് | സ്ഥാപിക്കൽ | |
|---|---|---|
| അടങ്കൽ | 95000 | വികസനഫണ്ട് |
| | 124599 | ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| ചെലവ് | 18/25-01-2017 | 115000 |
| | 18/25-01-2017 | 95000 |

പ്രോജക്ട് പ്രകാരം 30 വാട്ടിന്റെ 60 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് അലൂമിന ഇലക്ട്രോണിക്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് 210000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവ സ്ഥാപിച്ചതിന് കെ.എസ്.ഇ.ബിയിൽ നിന്നുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റില്ലാത്തതിനാൽ 210000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 തെക്കുമ്പാട് ബോട്ട് സർവ്വീസ് - നടപടിക്രമങ്ങൾ പാലിക്കാതെ സ്വകാര്യ വ്യക്തിക്ക് അനുവദിച്ച 108000 തടസ്സപ്പെടുത്തുന്നു.

തെക്കുമ്പാട് കടവിൽ ബോട്ട് സർവ്വീസ് നടത്തിയതിന് പ്രതിമാസം 9000 രൂപ നിരക്കിൽ 108000 രൂപ വി.കെ.ഹുസൈൻകോയ ചാലിയം എന്നവർക്ക് നല്കിയിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക |
|---|---|
| 21600032/02-04-2016 | 9000 |
| 21600095/11-05-2016 | 9000 |
| 21600156/06-06-2016 | 9000 |
| 21600255/05-07-2016 | 9000 |
| 21600335/08-08-2016 | 9000 |
| 21600392/06-09-2016 | 9000 |
| 21600468/06-10-2016 | 9000 |
| 21600519/02-11-2016 | 9000 |

| | |
|---|---|
| 21600587/13-12-2016 | 9000 |
| 21600653/09-01-2017 | 9000 |
| 21600750/07-02-2017 | 9000 |
| 21600862/06-03-2017 | 9000 |

മുൻവർഷങ്ങളിൽ ലേലം ചെയ്ത് ബോട്ട് സർവ്വീസ് നടത്തിയിരുന്നെങ്കിലും പിന്നീട് യാത്രക്കാർ കുറവാണെന്നും ബോട്ട് സർവ്വീസ് ലാഭകരമല്ലെന്നും കാണിച്ച് ലേലം ഒഴിവാക്കി പ്രതിമാസം 9000 നല്കി ബോട്ട് സർവ്വീസ് നടത്തുകയാണ് ചെയ്യുന്നത്. എന്നാൽ ഇങ്ങനെ സർവ്വീസ് ആരംഭിക്കുമ്പോൾ കുറഞ്ഞ നിരക്കിൽ സേവനം ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ നേരത്തേ ബോട്ട് സർവ്വീസ് നടത്തിയ വ്യക്തിയെ ഏല്പിക്കുകയാണ് ചെയ്തത്. ഈ നടപടി ക്രമപ്രകാരമല്ല. ബോട്ട് സർവ്വീസ് സംബന്ധിച്ച ചെലവിന് സർക്കാർ അനുമതി വാങ്ങിക്കേണ്ടതാണ്. നടപടിക്രമങ്ങളൊന്നും പാലിക്കാതെ ബോട്ട്സർവ്വീസിന് നല്കിയ 108000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 കെട്ടിട വാടകയോടൊപ്പം ഈടാക്കിയ ആദയ നികുതി 115065 രൂപ തനത് ഫണ്ടിൽ ഒടുക്കി

ജി.എം.എൽ.പി.എസ്. മടക്കര പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ വാടക നല്കിയതിൽ നിന്ന് ഈടാക്കിയ ആദായ നികുതി 25-03-2017-ൽ ബിൽ പ്രകാരം പിൻവലിച്ച് ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റിൽ ഒടുക്കാതെ 115065 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. തുക ഇൻകംടാക്സ് വകുപ്പിൽ ഒടുക്കേണ്ടതാണ്. ഈടാക്കിയ വരുമാന നികുതി ഒടുക്കുന്നതിൽ കാലതാമസം വരുത്തുന്നതു കാരണം എതെങ്കിലും തരത്തിൽ പിഴ ഒടുക്കേണ്ടിവന്നിട്ടുണ്ടെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഒടുക്കേണ്ടതാണ്.

## 3-9 മാവേലി സ്റ്റോറിന്റെ വാടക സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 17520/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ - 21600319/04-08-2016 17520/-

സർക്കുലർ നമ്പർ 15289/കെ.1/2005 തീയതി 15-07-2006 പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ആരംഭിക്കുന്ന മാവേലി സ്റ്റോറുകളുടെ 2 വർഷത്തെ വാടക സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽനിന്നോ നല്കാവുന്നതാണ്. 01-02-2013 മുതലുള്ള വാടക ശ്രീ.തറമ്മൽ അബ്ദുൾ ഖാദർ എന്നവ്യക്ക് പഞ്ചായത്തിൽ നിന്ന് നല്കി

വരുന്നുണ്ട് (കെട്ടിട നമ്പർ എം.പി.XI സി). മേൽ സർക്കുലർ പ്രകാരം 31-01 -2015 വരെയുള്ള വാടക മാത്രമാണ് പഞ്ചായത്തിന് അനുവദിക്കാവുന്നത്. എന്നാൽ 01-02-2016 മുതൽ 31-07-2016 വരെയുള്ള 6 മാസത്തെ വാടക പ്രതിമാസം 2920 രൂപ നിരക്കിൽ 17520 രൂപ ശ്രീ.തറമ്മൽ അബ്ദുൾ ഖാദർ എന്നവ്രക്ക് അനുവദിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാത്തതിനാൽ 17520/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 വാനിഷിംഗ് തസ്തികയിൽ പൗണ്ട്കീപ്പർ നിയമിച്ചു.118995രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| വൗച്ചർ നമ്പർ /തീയതി | തുക |
|---|---|
| 21600004/02-04-2016 | 8692 |
| 21600063/02-05-2016 | 7962 |
| 21600143/01-06-2016 | 8938 |
| 21600221/02-07-2016 | 8938 |
| 21600309/01-08-2016 | 8938 |
| 21600365/31-08-2016 | 8938 |
| 21600432/30-09-2016 | 8938 |
| 21600506/01-11-2016 | 8938 |
| 21600564/30-11-2016 | 8938 |
| 21600626/03-01-2017 | 8938 |
| 21600725/01-02-2017 | 9184 |
| 21600862/01-03-2017 | 9184 |
| 21600946/01-03-2017 | 3061(സറണ്ടർ) |

| | |
|---|---|
| 21601109/31-03-2017 | 9408 |
| ആകെ | 118995 |

മാട്ടൂൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23-02-2016 ലെ ബി-1/3828/2015 ഉത്തരവ് പ്രകാരം ശ്രീ.അബ്ദുൾ മുത്തലീബ്.പി. എന്നവരെ പാർട്ട് ടൈം പൗണ്ട്കീപ്പർ കീപ്പറായി നിയമിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 15-02-2016 ലെ 05/2016 നമ്പർ തീരുമാനപ്രകാരം നിയമിക്കുന്നതിന് അംഗീകാരം നല്കിയിട്ടുണ്ട്. ജീവനക്കാരൻ 01-03-2016 ൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. നിയമനം സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- പഞ്ചായത്തിൽ പൗണ്ട് പ്രവർത്തനക്ഷമമല്ല.

2- പൗണ്ട്കീപ്പിംഗ് പ്രവർത്തിയില്ലാതെ തസ്തികയിൽ നിയമനം നടത്തിയതിന് വിശദീകരണം നല്കിയിട്ടില്ല.

3-ഓഫീസ് ഉത്തരവ് പ്രകാരം ഏത് പ്രവൃത്തിയാണ് പൗണ്ട്കീപ്പർ നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല.

4- നിയമനത്തിന് സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല.

മേൽ അപാകങ്ങൾ കാരണം 118995രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 സർക്കാർ ഉത്തരവില്ലാതെ പഞ്ചായത്ത് ഓഫീസിന് പുതിയ വാഹനം 800687 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | സെക്രട്ടറി |
| പ്രോജക്ട് നമ്പർ പേര് | 52/17 പഞ്ചായത്ത് ഓഫീസിന് പുതിയവാഹനം | |
| അടങ്കൽ | 500000 | വികസനഫണ്ട് |
| | 300687 | തനത്ഫണ്ട് |
| ചെലവ് ബിൽ നമ്പർ | 12/28-09-2016 | 500000 |
| ചെലവ് വൗച്ചർ നം. | 21600489/27-09-2016 | 245172 |
| ചെലവ് വൗച്ചർ നം. | 21600707/27-01-2017 | 31905 |
| ചെലവ് വൗച്ചർ നം. | 21600842/06-03-2017 | 8610 |

| | | |
|---|---|---|
| ചെലവ് വൗച്ചർ നം. | 21600843/06-03-2017 | 15000 |

വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 09-12-2015-ലെ തീരുമാനം നം. 3.7 പ്രകാരം നിലവിലുള്ള ബൊലേറോ ജീപ്പ് പാലിയേറ്റീവ് കെയറിനായി കൈമാറുന്നതിനാൽ ഒരു പുതിയ വാഹനം വാങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ്, സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി. കൂടാതെ ബൊലേറോ ജീപ്പ് പ്രൈമറി ഹെൽത്ത് പി.എച്ച്.സെന്ററിന് കൈമാറി തുടർ ചെലവുകൾ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റി വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വാഹനം വാങ്ങിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- വാഹനം വങ്ങുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടില്ല.

2- കെ.എൽ. 13/ക്യൂ 3525 നമ്പർ വാഹനം പ്രൈമറി ഹെൽത്ത് സെന്ററിന് കൈമാറിയിട്ടില്ല.

3- ലോഗ് ബുക്ക് പ്രകാരം വാഹനം അവസാനമായി ഉപയോഗിച്ചത് 06-12-2016 വരെ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിനായി സ്വന്തമായി വാഹനം നിലവിലിരിക്കെ ആയത് കൈമാറി നൽകാത്തതിനാൽ പാലിയേറ്റീവ് പരിചരണത്തിന് വാടകക്ക് വാഹനം ഉപയോഗിച്ചത് കാരണം 06-12-2016 മുതൽ 31.03.2017 വരെ 46000 രൂപ ചെലവഴിക്കുകയുണ്ടായി.

സർക്കാർ അനുമതിയില്ലാതെ വാഹനം വാങ്ങുകയും നിലവിലുണ്ടായിരുന്ന വാഹനം ഉപയോഗിക്കാതിരിക്കുകയും ചെയ്തതിന് കാരണക്കാരനായ ഉദ്യോഗസ്ഥനെതിരെ ഉചിതമായ വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നതിന് ഭരണ വകുപ്പിനോട് ശുപാർശചെയ്യുന്നു. 800687 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾ- നികുതിയിനങ്ങൾ ഓവർഹെഡ് ചാർജിൽ നിന്നും കുറവ് ചെയ്യാതെ വികസനഫണ്ടിൽ നിന്നും നൽകിയത് ക്രമപ്രകാരമല്ല.6,889/-രൂപ ഈടാക്കേണ്ടതാണ്

നിർവഹണം:അസിസ്റ്റന്റ് എൻജിനീയർ

ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ 7.5 ശതമാനം ഓവർഹെഡ് ചാർജിൽ നിന്നാണ് നികുതികൾ കുറവ് ചെയ്യേണ്ടതെന്നും നികുതികൾക്ക് വേണ്ട മതിയായ തുക ഓവർഹെഡ് ചാർജിലുണ്ടെന്നും ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് ചീഫ് എൻജിനീയർക്ക്(LSGD) അയച്ച 14-12-2016 തീയതിയിലെ No.Ind&PW-B2/266/2016-Fin കത്തിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്.ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും നികുതിയിനത്തിലുള്ള തുക കുറവ് ചെയ്ത ശേഷമാണ് കൺവീനർക്ക് തുക

അനുവദിക്കേണ്ടത്.എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയിൽ മൂല്യവർദ്ധിതനികുതി(VAT), കേരളകെട്ടിടനിർമ്മാണതൊഴിലാളിക്ഷേമനിധിവിഹിതം (KCWWF) എന്നീ നികുതിയിനങ്ങൾ ഓവർഹെഡ് ചാർജിൽ നിന്നും കുറവ് ചെയ്യാതെ വികസനഫണ്ടിൽ നിന്നുമാണ് നൽകിയത്. എഗ്രിമെന്റിൽ ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും നികുതി കുറവ് ചെയ്യതിനാൽ കൺവീനർക്ക് അധികതുക നൽകുവാനിടയായിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| | പ്രൊജക്ടിന്റെ പേര്,നമ്പർ | മടക്കര ജി ഡബ്ല്യു എൽ പി സ്കൂൾ ചുറ്റുമതിൽ നിർമ്മാണം,66/17 |
| | ഫണ്ട് വിഭാഗം | മെയിന്റൻസ് ഫണ്ട് (റോഡിതരം) |
| | അടങ്കൽ | 1,55,000 |
| | കൺവീനറുടെ പേര് | ഇബ്രാഹിംകുട്ടി ഹാജി.കെ കെ |
| | എഗ്രിമെന്റ് നമ്പർ | 16/AE/LSGD/MTL/16-17 തീയതി 13-01-17 |
| | എം ബുക്ക് നമ്പർ | 16/2016-17 |
| | വൗച്ചർ നമ്പർ/തീയതി | 9/16-17 തീയതി 30-03-17 |
| | തുക | 1,55,000 |

| | കൺവീനർക്ക് നൽകിയ തുകയുടെ വിവരം | | കൺവീനർക്ക് അനുവദിക്കാവുന്ന തുകയുടെ വിവരം | |
|---|---|---|---|---|
| 1 | ആകെ പ്രവൃത്തിമൂല്യം | 1,48,111 | ആകെ പ്രവൃത്തിമൂല്യം | 1,48,111 |
| 2 | കൂട്ടുക(നികുതികൾ) | 8,887 | 0 | 0 |
| 3 | ആകെ | 1,56,998 | 0 | 0 |
| 4 | ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തിയത് | 1,55,000 | 0 | 0 |

| | | | | |
|---|---|---|---|---|
| 5 | കുറക്കുക | | കുറക്കുക | |
| 6 | വാറ്റ് 5% | 7,406 | വാറ്റ് 5% | 7,406 |
| 7 | ആദായനികുതി(2%) | 2,962 | ആദായനികുതി(2%) | 2,962 |
| 8 | ക്ഷേമനിധിവിഹിതം(1%) | 1,481 | ക്ഷേമനിധിവിഹിതം(1%) | 1,481 |
| 9 | കൺവീനർക്ക് നൽകിയ തുക | 1,43,151 | കൺവീനർക്ക് നൽകേണ്ടത് | 1,36,262 |
| അധികം നൽകിയ തുക | | | | 6,889 |

ഗുണഭോക്തൃസമിതി കൺവീനർക്ക് അധികം നൽകിയ 6,889/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. 6889 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടില്ല.ഓഡിറ്റ് അന്വേഷണം നം.35-21/07/2017).

## 3-13 ബിറ്റുമിൻ വാങ്ങി നൽകൽ-കരാറുകാരിൽ നിന്നും ബിറ്റുമിൻ വില ഈടാക്കിയതിൽ കുറവ്-16,024/-രൂപയുടെ നഷ്ടം

നിർവഹണം:അസിസ്റ്റന്റ് എൻജിനീയർ

